## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2922** — **22.02.2016-ൽ മറുപടിക്ക്**

## രാജീവ് ആവാസ് യോജന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി.വിൻസന്റ് | | | ശ്രീ. മഞ്ഞളാംകുഴി അലി<br>**(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) | നഗരങ്ങളിൽ രാജീവ് ആവാസ് യോജന പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട് ; | (എ) യും (ബി) യും | നിലവിലുള്ള എല്ലാ കോർപ്പറേഷനുകളിലും 'ചേരിരഹിത ഭാരതം' എന്ന ആശയം മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് രാജീവ് ആവാസ് യോജന. ടി പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നഗരസഭകളിൽ ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട് :<br>1. തിരുവനന്തപുരം<br>2. കൊല്ലം<br>3. തൃശൂർ<br>4. കോഴിക്കോട്<br>5. കണ്ണൂർ<br>കൊച്ചി നഗരസഭയെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും കർമ്മപരിപാടി തയ്യാറാക്കിയിട്ടില്ല. 15 വർഷം മുൻകൂട്ടിക്കണ്ടു കൊണ്ട് നഗരങ്ങളെ ചേരിരഹിതമാക്കുന്നതിനായി തയ്യാറാക്കുന്ന സമഗ്ര മാർഗ്ഗരേഖയാണ് ചേരിരഹിത നഗരാ സൂത്രണ കർമ്മ പരിപാടി (എസ്.എഫ്.സി.പി.ഒ.എ). നിലവിലുള്ള ചേരികൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഭാവിയിലെ ചേരിയിലെ വളർച്ച തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന സമഗ്ര രൂപരേഖയാണ് ചേരിരഹിത നഗരാസൂത്രണ കർമ്മ പദ്ധതി. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | | |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | 'ചേരിരഹിതനഗരം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വന്ന രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 160.77 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 86 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 335 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ളവ പ്രാരംഭ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**